സംസ്ഥാനത്തെ മേജർ അണക്കെട്ടുകൾ

917 [1095] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് എത്ര മേജർ അണക്കെട്ടുകൾ ഉണ്ട്; ഏതെല്ലാം;

(ബി) അവ ഓരോന്നും ഏതേതു ജില്ലയിൽ സ്ഥിതിചെയ്യുന്നു എന്നു വ്യക്തമാക്കുമോ;

(സി) ഓരോ അണക്കെട്ടിൽ നിന്നും എത്ര ഏക്കർ കൃഷിക്കു വെള്ളം ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ജലസേചനം നടത്തുന്നതിന്റെ ഫലമായി ഓരോ അണക്കെട്ടുകളിൽനിന്നും 1980 മുതൽ 1985 വരെയുള്ള കാലയളവിൽ ഓരോ വർഷവും ഗവൺമെന്റിനുണ്ടാകുന്ന വരുമാനം എത്ര?

ഉത്തരം

(എ, ബി) എട്ട് മേജർ ജലസേചന അണക്കെട്ടുകൾ ഉണ്ട്.

1.	പഴശ്ശി	കണ്ണൂർ	ജില്ല
2.	കുറ്റ്യാടി	കോഴിക്കോട്	,,
3.	കാഞ്ഞിരപ്പുഴ	പാലക്കാട്	,,
4.	ചിറ്റൂർപ്പുഴ		
5.	മലമ്പുഴ		
6.	പീച്ചി	തൃശ്ശൂർ	,,
7.	കല്ലട	കൊല്ലം	,,
8.	നെയ്യാർ	തിരുവനന്തപുരം	,,

(സി)

1.	പഴശ്ശി	14220	ഹെക്ടർ
2.	കുറ്റ്യാടി	34710	,,
3.	കാഞ്ഞിരപ്പുഴ	15485	,,
4.	ചിറ്റൂർപുഴ	25287	,,
5.	മലമ്പുഴ	941106	,,
6.	പീച്ചി	6660	,,
7.	കല്ലട	61630	,,
8.	നെയ്യാർ	8228	,, (കേരളം)
		3725	,, (തമിഴ്നാട്)

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മംഗലം അണക്കെട്ട്

918 [1096] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിലെ മംഗലം അണക്കെട്ടിൽ ഇപ്പോഴ് കിട്ടുന്ന വെള്ളം മുഴുവൻ സംഭരിക്കാൻ കഴിയുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മംഗലം ഡാം പത്തടികൂടി ഉയർത്തണമെന്നുള്ള ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly